"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ - ശിശു വികസന വകുപ്പ്- 'സിറ്റ്വേഷണൽ അനാലിസിസ് ഓഫ് വിമൺ ഇൻ കേരള' എന്ന വിഷയം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഡെമോഗ്രാഫി വിഭാഗം മുഖേന പഠനം നടത്തിയ വകയിൽ നല്കാനുള്ള തുക 2026-27 സാമ്പത്തിക വർഷം അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ - ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.202/2026/WCDD തീയതി,തിരുവനന്തപുരം, 12-06-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.374/2022/ഡബ്ള്യുസിഡിഡി തീയതി. 19/08/2022.
2. സ.ഉ.(സാധാ) നം.498/2025/ഡബ്ള്യുസിഡിഡി തീയതി. 27/12/2025.
3. സ.ഉ.(സാധാ) നം.111/2025/ഡബ്ള്യുസിഡിഡി തീയതി. 18/03/2025.
4. വനിതാ - ശിശു വികസന ഡയറക്ടറുടെ 02.05.2026-ലെ DWCD/7202/2023-WEC5 നം. കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷം ''സിറ്റ്വേഷണൽ അനാലിസിസ് ഓഫ് വിമൺ ഇൻ കേരള'' എന്ന വിഷയം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഡെമോഗ്രാഫി വിഭാഗം സഹകരണത്തോടെ പഠനം നടത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് പരാമർശം (2), (3) എന്നിവ പ്രകാരം ഉത്തരവാകുകയും, ഇതിലേയ്ക്കായി കേരള യൂണിവേഴ്സിറ്റിക്ക് രണ്ടും മൂന്നും ഗഡുക്കളായി അനുവദിക്കാനുള്ള ആകെ 16,24,860/-രൂപ വിനിയോഗിക്കുന്നതിന് അനുമതി നല്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി 10,83,240/-രൂപയും അവസാന ഗഡുവായി 5,41,620/-രൂപയും വനിതശിശു വികസന ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ആവശ്യത്തിനുള്ള തുക വകയിരുത്തിയിട്ടുള്ള 2235-02-103-68-03(P) ശീർഷകത്തിൽ തുക വിനിയോഗിക്കുന്നതിന് സീലിംഗ് ഉണ്ടായിരുന്നതിനാലും, തുക വിനിയോഗിക്കുന്നതിനുള്ള പരിധി enhance ചെയ്ത്

ലഭിക്കാത്തതിനാലും പ്രസ്തുത തുകകൾ 2025-26 വർഷം കേരളാ യൂണിവേഴ്‌സിറ്റിയ്ക്ക് അനുവദിച്ച് നൽകാൻ സാധിച്ചിട്ടില്ല എന്നും കേരള യൂണിവേഴ്‌സിറ്റി ഡെമോഗ്രാഫി വിഭാഗം പ്രസ്തുത പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ടി തുക കേരളാ യൂണിവേഴ്‌സിറ്റിയ്ക്ക് നൽകുന്നതിലേക്ക് 2025-26 വർഷം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് Revalidate ചെയ്യേണ്ടതുണ്ടെന്നും വനിതശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ 'സിറ്റ്യൂഷണൽ അനാലിസിസ് ഓഫ് വിമൺ ഇൻ കേരള' എന്ന വിഷയം സംബന്ധിച്ച് കേരള യൂണിവേഴ്‌സിറ്റി ഡെമോഗ്രാഫി വിഭാഗം മുഖേന പഠനം നടത്തിയ വകയിൽ കേരള യൂണിവേഴ്‌സിറ്റിയ്ക്ക് നൽകാനുള്ള 16,24,860/-രൂപ നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് വനിതാ ശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 'സിറ്റ്യൂഷണൽ അനാലിസിസ് ഓഫ് വിമൺ ഇൻ കേരള' എന്ന വിഷയം സംബന്ധിച്ച് കേരള യൂണിവേഴ്‌സിറ്റി ഡെമോഗ്രാഫി വിഭാഗം മുഖേന പഠനം നടത്തിയ വകയിൽ കേരള യൂണിവേഴ്‌സിറ്റിയ്ക്ക് നൽകാനുള്ള 16,24,860/-(പതിനാറ് ലക്ഷത്തി ഇരുപത്തി നാലായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) രൂപ 2026-27 സാമ്പത്തിക വർഷം 2235-02-103-68-03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ - ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
ഓഫീസർ
Date: 12-06-2026 17:10:06